## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6657 — 12.07.2012-ലെ മറുപടിയ്ക്ക്

### പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ലൂഡി ലൂയിസ്,<br>ശ്രീ.ജോസഫ് വാഴയ്ക്കൽ,<br>ശ്രീ.പി.എ.മാധവൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>(ബി) പദ്ധതിയുടെ നടത്തിപ്പിനായും വിലയിരുത്തലിനുമായി ഉന്നതതല സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ടി സംഘങ്ങളിൽ വിശദമായ ഒരു പഠനം നടത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നു. ഐ.സി.എം. ടി വിഷയത്തിൽ പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഠന റിപ്പോർട്ട് പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് ശുപാർശ സമർപ്പിക്കാൻ മൂന്നംഗ സെൽ രൂപീകരിച്ചിട്ടുണ്ട്. ടി സെല്ലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഈ സംഘങ്ങളുടെ വികസനം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്? | (സി) | സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി 2012-13 വർഷം 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും റിവൈവൽ സ്കീം പ്രകാരം ഓരോ സംഘത്തിനും 1,20,000/- രൂപ ഓഹരിയിനത്തിലും 1,80,000/- രൂപ സബ്സിഡിയിനത്തിലും |

തൊഴിലധിഷ്ഠിത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഈ തുകയിൽ നിന്നും നൽകുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനും ധനസഹായം നൽകുന്നതും ഫെഡറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക വഴി പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ പൂൾഡ് ഫണ്ടിൽ നിന്നും തുക നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം സംഘം ഭരണസമിതി അംഗങ്ങൾക്കും ചീഫ് എക്സിക്യൂട്ടീവിനും പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ